15441
14/7/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 'കൈത്താങ്ങ്' - സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനുള്ള പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ.(സാധാ)നം.471/2017/സാനീവ തീയതി, തിരുവനന്തപുരം,12.07.2017**

---

പരാമർശം: (1) സാമൂഹ്യനീതി ഡയറക്ടറുടെ 26.05.2017 ലെ എഫ്-3/16537/17 നമ്പർ കത്ത്.

(2) 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടായ ശേഷം വിലപിക്കാതെ ഇനിയും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾക്കാണ് പ്രധാന്യം നൽകേണ്ടതെന്നും ഇത്തരം അതിക്രമങ്ങൾ ചെറുക്കുന്നതിനായി സംസ്ഥാനത്തെ വിവിധ വകുപ്പുകൾ വിവിധ മേഖലകളിലായി പ്രവർത്തിച്ചു വരുന്നുവെന്നും ഈ വകുപ്പുകളുടെയെല്ലാം പ്രവർത്തനങ്ങളെ താഴെത്തട്ട് മുതൽ ഏകോപിപ്പിച്ചു കൊണ്ട് ഒരു കുടക്കീഴിൽ കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും ഇതിനായി കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 70 പഞ്ചായത്തുകളിലെ 350 വാർഡുകളിൽ പൈലറ്റടിസ്ഥാനത്തിൽ 'കൈത്താങ്ങ്' എന്നൊരു കർമ്മസേന രൂപീകരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിലേയ്ക്ക് 27,30,000/- രൂപ ചെലവ് വരുമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68(03) (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 02.06.2017 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനുള്ള 'കൈത്താങ്ങ്' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും ഇതിലേയ്ക്കാവശ്യമായ 27,30,000/- രൂപ (ഇരുപത്തിയേഴ്

ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷത്തെ 2235-02-103-68(03) (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ലീലമണി.കെ.എം**

**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ